## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3337** — **16.12.2015- ൽ മറുപടിക്ക്**

### കൃഷി ആഫീസർമാരുടെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി ആഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ; | (എ)യും (ബി)യും<br>കൃഷി ആഫീസർമാരുടെ 105 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തവയാണെങ്കിലും കൃഷി ആഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം ഇന്റർവ്യൂ നടത്തി അർഹരാണെന്നുകണ്ട 85 പേർക്ക് 179 ദിവസത്തേക്ക് നിയമനം നൽകി ഉത്തരവായിട്ടുണ്ട്. |
| (സി) ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കൃഷി ആഫീസർ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നും ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (സി) ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്ന ദേശമംഗലം, പഴയന്നൂർ എന്നീ കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി ഓഫീസറെ നിയമിച്ചിട്ടുണ്ട്. തിരുവില്വാമല കൃഷിഭവനിൽ കൃഷി ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ചേലക്കര നിയോജക മണ്ഡലത്തിൽ കൃഷി ഓഫീസറെ നിയമിക്കാത്തത് സംബന്ധിച്ച് പരാതികൾ ഉണ്ടായതായി കാണുന്നില്ല. |

. . .2)

| | | |
|---|---|---|
| (ഡി) | കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിലും കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ അടിയന്തിരമായി കൃഷി ആഫീസർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) കൃഷി ആഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തി അർഹരായിട്ടുള്ള 85 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പരിശോധിച്ച് അവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ